പ്രഖ്യാപിച്ചിരുന്നു. എങ്കിലും കൃഷി വകുപ്പിന്റെ പ്ലാൻ ഫണ്ടിൽ ഇതിനായി പ്രത്യേകിച്ച് ബഡ്ജറ്റിൽ തുക വകയിരുത്തിയിരുന്നില്ല. എന്നാൽ, തൃശ്ശൂർ കോൾ, കണ്ണൂർ കാട്ടാമ്പള്ളി, എറണാകുളം പൊക്കാളി എന്നിവയുടെ അടിസ്ഥാന സൗകര്യ വികസനത്തിന് സംസ്ഥാന ഭക്ഷ്യ സുരക്ഷാ പദ്ധതിയിൽ ഉൾപ്പെടുത്തി പ്രോജക്ടടിസ്ഥാനത്തിൽ ഫണ്ടനുവദിക്കുകയും പദ്ധതികൾ നടപ്പിലാക്കി വരികയുമാണ്.

തൃശ്ശൂർ കോൾ മേഖലയിൽ തൃശ്ശൂർ കോൾ നിലങ്ങളുടെ ഒന്നാംഘട്ട വികസന പദ്ധതിയിൽ പൂർത്തീകരിക്കാത്ത 6 പ്രവർത്തികൾ പൂർത്തീകരിക്കുന്നതിനായി 2.12872 കോടി രൂപ ഭൂവികസന കോർപ്പറേഷന് അനുവദിക്കുകയും പ്രവർത്തികൾ നടപ്പിലാക്കി വരികയുമാണ്.

കണ്ണൂർ കാട്ടാമ്പള്ളി മേഖലയിൽ ഭക്ഷ്യസുരക്ഷാ പദ്ധതിയിൽ ഉൾപ്പെടുത്തി പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി 194 ലക്ഷം രൂപ വകയിരുത്തുകയും ടി പ്രവർത്തികളും നടപ്പിലാക്കി വരികയുമാണ്.

പൊക്കാളി മേഖലയിൽ സ്ലൂയിസുകളുടെ നിർമ്മാണം, പെട്ടി, പറ സ്ഥാപിക്കൽ, ഉണക്കുകളങ്ങൾ, മെതിക്കളങ്ങൾ നിർമ്മിക്കൽ തുടങ്ങി വിവിധ അടിസ്ഥാന സൗകര്യ വികസന പ്രവർത്തികൾക്കായി 105.10 ലക്ഷം രൂപ വകയിരുത്തുകയും പൊക്കാളിനില വികസന ഏജൻസിയുടെ ആഭിമുഖ്യത്തിൽ വിവിധ പ്രവർത്തികൾ നടപ്പിലാക്കി വരികയുമാണ്. നടപ്പു സാമ്പത്തിക വർഷം കോഴിക്കോട് മേപ്പയൂർ നിയോജകമണ്ഡലത്തിലെ 7 പഞ്ചായത്തുകളിൽ ഉൾപ്പെട്ട 22 പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി 1255.44 ലക്ഷം രൂപ ഉൾപ്പെടുത്തികൊണ്ട് 2844.67375 ലക്ഷം രൂപയുടെ പ്രോജക്ട് അംഗീകരിച്ചിട്ടുണ്ട്. ലഭ്യമാക്കുവാനുള്ള നടപടികൾ കൈകൊണ്ടു വരുന്നു.

തരിശ് നെൽപ്പാടങ്ങളിലെ കൃഷി

204 (5614) ശ്രീ. എൻ. അനിരുദ്ധൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2009-ൽ കേരളത്തിൽ തരിശായി കിടന്ന എത്ര ഹെക്ടർ നെൽപ്പാടങ്ങളിൽ കൃഷി ചെയ്തുവെന്ന് വ്യക്തമാക്കുമോ ;

(ബി) ഇപ്രകാരം നെൽകൃഷി വ്യാപകമാക്കിയതു നിമിത്തം നെൽ ഉൽപ്പാദനം എത്ര ശതമാനം കണ്ട് വർദ്ധിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(സി) നെൽകൃഷി കൂടുതൽ വ്യാപിപ്പിക്കുന്നതിനും അഭിവൃദ്ധിപ്പെടുത്തുന്നതിനും പുതുതായി എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) തരിശായി കിടന്ന 9200 ഹെക്ടർ തരിശുനിലങ്ങളാണ് കൃഷി യോഗ്യമാക്കിയിട്ടുള്ളത്.

(ബി) നെല്ലുല്പാദനത്തിൽ 2005-06 സാമ്പത്തിക വർഷത്തെ അപേക്ഷിച്ച്. കഴിഞ്ഞ 4 വർഷത്തിൽ ഓരോ വർഷത്തെയും ഉൽപ്പാദന ക്ഷമതയിൽ ഉണ്ടായിട്ടുള്ള വർദ്ധനവ് ചുവടെ ചേർക്കുന്നു.

2006-2007 - 6.5%

2007-2008 - 2007-08-ൽ കൊയ്ത്ത് സയമത്തുണ്ടായ അപ്രതീക്ഷിതമായ വേനൽമഴയിൽ പ്രമുഖ നെൽകൃഷി മേഖലകളായ കുട്ടനാട് കോൾ, പാലക്കാടൻ പ്രദേശങ്ങളിൽ ഭീമമായ വിളനാശം സംഭവിക്കുകയും ഉൽപ്പാദനത്തിൽ ഗണ്യമായ കുറവുണ്ടാകുകയും ചെയ്തു. എന്നാൽ തന്നെയും ഉൽപ്പാദനക്ഷമതയിൽ ഒരു ശതമാനം വർദ്ധനവുണ്ടായിട്ടുണ്ട്.

2008-2009 - 10%

2009-2010 - 12.5%

(സി) നെൽകൃഷി കൂടുതൽ വ്യാപിപ്പിക്കുവാൻ നിലവിൽ നടപ്പിലാക്കി വരുന്ന സംസ്ഥാന-കേന്ദ്ര നെൽകൃഷി വികസന പദ്ധതികൾക്കു പുറമെ താഴെ പറയുന്ന പുതിയ പദ്ധതികൾ കൂടി നടപ്പിലാക്കുന്നു. 158 കോടി രൂപയുടെ പദ്ധതികൾ ഈ വർഷം നടപ്പാക്കുന്നു.

1. കരനെൽകൃഷി - ഹെക്ടറിന് 5000 രൂപ ധനസഹായം നൽകി 12,000 ഹെക്ടറിൽ നടപ്പാക്കി വരുന്നു.

2. തരിശുനില കൃഷി പദ്ധതി - ഹെക്ടറിന് 5000 രൂപ ധനസഹായം നൽകി 4000 ഹെക്ടറിലും, ഹെക്ടറിന് 12,000 രൂപ ധനസഹായം നൽകി 10,000 ഹെക്ടറിലും നടപ്പാക്കി വരുന്നു. അധിക ഉല്പാദന സഹായം നൽകി 50,000 ഹെക്ടറിലും ഒരു പദ്ധതി നടപ്പാക്കുന്നുണ്ട്.

3. നെല്പാടങ്ങളിൽ നെൽകൃഷി ചെയ്യാത്ത സീസണുകളിൽ പയർ, പച്ചക്കറി, പച്ചിലവളച്ചെടി തുടങ്ങിയവ കൃഷി ചെയ്യുന്നതിനും മത്സ്യകൃഷി അവലംബിക്കുന്നതിനും സാമ്പത്തിക സഹായം നൽകുന്നു. ഹെക്ടറിന് 2500 രൂപ ആനുകൂല്യം നൽകി 2000 ഹെക്ടറിൽ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

നെൽകൃഷിക്ക് മാത്രമായി ആകെ 158.22 കോടി രൂപയുടെ പദ്ധതികൾ നടപ്പിലാക്കി വരുന്നു.